# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *203 14-06-2019 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീമതി. വീണാ ജോർജ്ജ്**
**ശ്രീ. എ. പ്രദീപ് കുമാർ**
**ശ്രീ. കെ.വി. വിജയദാസ്**
**ശ്രീ. ഡി.കെ. മുരളി**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

## ധനകമ്മി കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ധനകമ്മി കുറയ്ക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ ; ഓഖി, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ കൊണ്ടുണ്ടായ റവന്യൂ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നത് ; | ചരക്ക് സേവന നികുതി സമാഹരണത്തിലുള്ള ചോർച്ചകൾ പരമാവധി തടഞ്ഞും ഇതര നികുതിയിനങ്ങളിൽ പരമാവധി സമാഹരണം ഉറപ്പാക്കിയും നികുതിയേതര വരുമാനങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ചും അനാവശ്യ ചെലവുകൾ കുറച്ചും ധനക്കമ്മി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കാക്കാനുള്ള മാനദണ്ഡം ദേശീയ ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അത്തരം ഒരു നഷ്ടം കണക്കാക്കുവാൻ സാധിക്കുകയില്ല. 2018 ലെ പ്രളയത്തിൽ സംസ്ഥാനത്തിന് ഉണ്ടായ നഷ്ടത്തിന്റെ കണക്ക് ഐക്യരാഷ്ട്രസഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്മെന്റ് റിപ്പോർട്ട് പ്രകാരം 26,718/- കോടി രൂപയാണ്. |
| (ബി) | പ്രളയം സൃഷ്ടിച്ച ആഘാതത്തിന്റെ ഫലമായി സമഗ്ര പുനർനിർമ്മാണത്തിന് വേണ്ട അധിക വിഭവ സമാഹരണത്തിന് സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; പുനർനിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | പ്രളയാനന്തര പുനർനിർമ്മാണത്തിന് വേണ്ടി സംസ്ഥാന ബജറ്റ്, ലോകബാങ്ക്, എ.ഡി.ബി, ജിക്ക, ജർമ്മൻ ബാങ്കായ KFW മുതലായ ബഹുവിധ ഏജൻസികൾ എന്നിവയിലൂടെയുള്ള ധനസമാഹരണങ്ങൾ, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴിയുള്ള സമാഹരണം, നബാർഡ് ഫണ്ടിംഗ്, ഹഡ്കോ വഴിയുള്ള വായ്പകൾ എന്നിവയാണ് മറ്റ് പ്രധാന ധനസമാഹരണ മാർഗ്ഗങ്ങൾ. ഇതിനു പുറമേ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കു മേൽ ചുമത്തുന്ന ജി.എസ്.ടി. യ്ക്ക് മേൽ അധിക സെസ്സ് ഏർപ്പെടുത്തിയും വരുമാനം സ്വരൂപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർനിർമ്മാണത്തിന് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ ധനസഹായമായി 2904.85 കോടി രൂപ സംസ്ഥാനത്തിനു ലഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | വികസന ചെലവുകളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ റവന്യൂ ചെലവിന്റെ വർദ്ധനവിലുള്ള നിരക്ക് നിയന്ത്രിക്കുന്നതിനും അതിനെക്കാൾ ഉയർന്ന നിരക്കിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടു കൂടി അന്തർസംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. വിൽപന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതികുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**